ഉത്തരം

(എ) ഇതിന്റെ വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും മരണമടഞ്ഞവരുടെ കുടുംബങ്ങളെ സഹായിക്കാനും ഗവൺമെന്റ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി & ഡി) പ്രത്യേക ഫണ്ട് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കാർഷിക മേഖലയിലെ വിലത്തകർച്ചയും കൃഷിനാശവുംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് നൽകിയ മെമ്മോറാണ്ടത്തിൽ 3487 കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധി പഠിക്കാൻ എത്തിയ മൾട്ടി ഡിസിപ്ലിനറി ടീമിന് നൽകിയ നിവേദനത്തെ തുടർന്ന് 106 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

നീർത്തടവികസന പദ്ധതി

113 [1195] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ നീർത്തട വികസന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഏതൊക്കെ നീർത്തടങ്ങളിലാണ് ഇവ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും എന്ന് മുതൽ നടപ്പിലാക്കി തുടങ്ങി, 31-1-2005 വരെ ചെലവഴിച്ച തുക നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് നൽകാമോ;

(സി) ഓരോ പദ്ധതിയുടേയും അടങ്കൽ തുക എത്രയെന്നും പ്രസ്തുത തുക ഏതൊക്കെ സ്രോതസ്സുകളിലൂടെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് കൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി (മണ്ണ് സംരക്ഷണ) വകുപ്പിന്റെ കീഴിൽ നീർത്തട വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധം I-VII ആയി ചേർക്കുന്നു.†

(ബി) ഇത് സംബന്ധിച്ച വിശദവിവരം സ്റ്റേറ്റ്മെന്റ് ആയി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

(1) നബാർഡ് സഹായത്തോടെയുള്ള മണ്ണ്-ജലസംരക്ഷണ പദ്ധതി

അടങ്കൽ തുക—112.94 കോടി രൂപ (പൂർത്തിയാക്കിയ പദ്ധതികൾ ഉൾപ്പെടെ) ഇതിൽ 10 ശതമാനം സംസ്ഥാന വിഹിതമാണ്.

(2) ജലവിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശവുമായി ബന്ധപ്പെട്ട മണ്ണ് സംരക്ഷണ പദ്ധതി

അടങ്കൽ തുക—16.04 കോടി രൂപ

സ്രോതസ്സ്—സംസ്ഥാന ബഡ്ജറ്റ്

(3) കബനി നദിതട മണ്ണ് സംരക്ഷണ പദ്ധതി

അടങ്കൽ തുക—105 കോടി രൂപ

സ്രോതസ്സ്—90 ശതമാനം കേന്ദ്രസർക്കാർ വിഹിതം, 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതം

(4) ദേശീയ നീർമറി പദ്ധതി

അടങ്കൽ തുക—145.47 കോടി രൂപ (പൂർത്തിയാക്കിയ പദ്ധതികൾ ഉൾപ്പെടെ)

സ്രോതസ്സ്—90 ശതമാനം കേന്ദ്രസർക്കാർ വിഹിതം, 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതം

കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ

114 [1198] ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

" തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യാവശിഷ്ടങ്ങളും മാംസാവശിഷ്ടങ്ങളും ചേർത്ത് ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ സംസ്ഥാനത്ത് വിൽക്കപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ മുൻകരുതൽ നടപടികൾ സ്വീകരിച്ച് ഫുട്ട് ആന്റ് മൗത്ത് രോഗം തടയണമെന്ന മുന്നറിയിപ്പ് ഐക്യരാഷ്ട്ര സംഘടനയുടെ എഫ്.എ.ഒ. യിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) കാലിത്തീറ്റ ഉൽപ്പാദന വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly